The Hindu

https://www.thehindu.com/news/cities/kozhikode/special-postal-cover-released-to-mark-nit-c-diamond-jubilee/article37948377.ece

The Indian Express



**NIT jubilee: Special postal cover released**

Kozhikode: On the occasion of the 60th anniversary of National Institute of Technology(NIT) Calicut, the department of posts has released a special postal cover. It was jointly released by NIT Calicut director Prof Prasad Krishna and Post Master General, Northern Region, Kerala, T Nirmala Devi at NIT on Monday. The department of posts, Kozhikode's two-day special postal mela on the NIT Calicut campus has begun on Monday.

Mathrubhumi

https://www.mathrubhumi.com/kozhikode/news/special-postal-cover-release-on-the-occasion-of-the-diamond-jubilee-celebrations-of-nit-calicut-1.6266662

Malayala Manorama




എൻഐടി വജ്ര ജൂബിലിയുടെ ഭാഗമായി പുറത്തിറക്കിയ തപാൽ സ്റ്റാംപ് എൻഐടി ഡയറക്ടർ പ്രഫ.പ്രസാദ് കൃഷ്ണയ്ക്കു നൽകി ഉത്തര മേഖല പോസ്റ്റ് മാസ്റ്റർ ജനറൽ നിർമല ദേവി നൽകി പ്രകാശനം ചെയ്യുന്നു.

# എൻഐടി വജ്ര ജൂബിലി: പ്രത്യേക തപാൽ കവർ പ്രകാശനം ചെയ്തു

ചാത്തമംഗലം ● എൻഐടി വജ്ര ജൂബിലി ആഘോഷത്തിന്റെ ഭാഗമായി തപാൽ വകുപ്പ് തയാറാക്കിയ പ്രത്യേക തപാൽ കവർ എൻഐടി ഡയറക്ടർ പ്രഫ. പ്രസാദ് കൃഷ്ണയ്ക്കു നൽകി ഉത്തര മേഖല പോസ്റ്റ് മാസ്റ്റർ ജനറൽ ടി.നിർമല ദേവി പ്രകാശനം ചെയ്തു.

വജ്ര ജൂബിലി സമാപനത്തോടനുബന്ധിച്ച് പ്രത്യേക തപാൽ സ്റ്റാംപ് പുറത്തിറക്കാൻ പിന്തുണ നൽകും എന്ന് ടി.നിർമല ദേവി പറഞ്ഞു.

റജിസ്ട്രാർ ഡോ.ജീവാമ്മ ജേക്കബ്, പോസ്റ്റ് ഓഫിസ് സൂപ്രണ്ട് കെ.സുകുമാരൻ, ഡോ.എസ്.അശോക്, പി.സതീശ് എന്നിവർ പ്രസംഗിച്ചു. തപാൽ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് എൻഐടി ക്യാംപസിൽ തപാൽ മേള നടക്കും.

വിദ്യാർഥികൾക്കും ജീവനക്കാർക്കും ആധാർ വിവരങ്ങൾ പുതുക്കുന്നതിനും മറ്റും മേളയിൽ സൗകര്യം ഉണ്ടാകും.

വജ്ര ജൂബിലിയുടെ ഭാഗമായി 31ന് ആർഇസിയുടെ ആദ്യ ബാച്ച് വിദ്യാർഥികളും അധ്യാപകരും ക്യാംപസിൽ ഒത്തു ചേരും.

Madhyamam

# എൻ.ഐ.ടി വജ്രജൂബിലി: പ്രത്യേക തപാൽ കവർ പ്രകാശനം ചെയ്തു

**ചാത്തമംഗലം:** കോഴിക്കോട് എൻ.ഐ.ടിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് തപാൽ വകുപ്പ് പ്രത്യേക തപാൽ കവർ പ്രകാശനം ചെയ്തു. എൻ.ഐ.ടി കോഴിക്കോട് ഡയറക്ടർ പ്രഫ. പ്രസാദ് കൃഷ്ണയും വടക്കൻ മേഖല പോസ്റ്റ്മാസ്റ്റർ ജനറൽ ടി. നിർമല ദേവിയും സംയുക്തമായാണ് പ്രകാശനം നിർവഹിച്ചത്. രജിസ്ട്രാർ ഡോ. ജീവമ്മ ജേക്കബ്, ഡയമണ്ട് ജൂബിലി കോഓഡിനേറ്റർ ഡോ. എസ്. അശോക് തുടങ്ങിയവർ സംസാരിച്ചു. കോഴിക്കോട് എൻ.ഐ.ടി.യിലെ ഡീൻസ്, വിവിധ വകുപ്പ് അധ്യക്ഷന്മാർ, ഫാക്കൽറ്റി അംഗങ്ങൾ, സ്റ്റാഫ്, വിദ്യാർഥികൾ, കോഴിക്കോട് തപാൽ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഇതോടൊപ്പം തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ എൻ.ഐ.ടി കാമ്പസിൽ കോഴിക്കോട് തപാൽ വകുപ്പ് തപാൽ മേള സംഘടിപ്പിച്ചിട്ടുണ്ട്. 'മൈ സ്റ്റാമ്പ്സ്' എന്നപേരിൽ നടത്തുന്ന കൗണ്ടറിൽ ജീവനക്കാർക്കും വിദ്യാർഥികൾക്കും അവരുടെ പേരും ഫോട്ടോയും ഉപയോഗിച്ച് സ്റ്റാമ്പിൽ അച്ചടിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട് . പഴയ സ്റ്റാമ്പുകൾ ഉൾപ്പെടെയുള്ള ഫിലാറ്റലിക് വസ്തുക്കളുടെ പ്രദർശനവുമുണ്ട്. നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങളും വർക്ക് ഷോപ്പുകളും ഓൺലൈൻ മോഡിൽ നടക്കുന്നുണ്ട്. വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 1961ൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന ആദ്യ ബാച്ചിലെ വിദ്യാർഥികൾ അവരുടെ ഫാക്കൽറ്റി അംഗങ്ങൾക്കും സ്റ്റാഫിനുമൊപ്പം ഡിസംബർ 31ന് ഒത്തുചേരും.

Kerala Kaumudi

# എൻ.ഐ.ടി കോഴിക്കോട് വജ്രജൂബിലി: പ്രത്യേക തപാൽ കവർ പുറത്തിറക്കി

കോഴിക്കോട്: എൻ.ഐ.ടി കോഴിക്കോട് വജ്രജൂബിലിയോടനുബന്ധിച്ച് തപാൽ വകുപ്പ് പ്രത്യേക കവർ പുറത്തിറക്കി. എൻ.ഐ.ടി ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണയും ഉത്തരമേഖലാ പോസ്റ്റ്മാസ്റ്റർ ജനറൽ ടി. നിർമ്മലദേവിയും ചേർന്ന് പ്രകാശനം നിർവഹിച്ചു.



തപാൽ വകുപ്പിന്റെ പ്രത്യേക കവർ എൻ.ഐ.ടി ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണയും ഉത്തരമേഖലാ പോസ്റ്റ്മാസ്റ്റർ ജനറൽ ടി. നിർമ്മലദേവിയും ചേർന്ന് പ്രകാശനം ചെയ്യുന്നു

എൻ.ഐ.ടിക്ക് ഇത് ഏറെ അഭിമാനമുളവാക്കുന്ന നിമിഷമാണെന്ന് പ്രൊഫ. പ്രസാദ് കൃഷ്ണ പറഞ്ഞു. വിദ്യാർത്ഥികൾക്ക് മികച്ച പഠനസാഹചര്യങ്ങൾ ഒരുക്കുന്നതിനൊപ്പം രാജ്യത്തെ ജനങ്ങളെ സേവിക്കാനും ഇൻസ്റ്റിറ്റ്യൂട്ട് സദാ പ്രതിജ്ഞാബദ്ധമാണ്. വിദ്യാർത്ഥികൾക്ക് അറിവും വൈദഗ്ദ്ധ്യവും പകർന്നുനൽകുന്നതിലും അവരെ ലക്ഷ്യബോധമുള്ളവരായി വാർത്തെടുക്കുന്നതിലും എൻ.ഐ.ടി കോഴിക്കോട് അനുവർത്തിക്കുന്ന അർപ്പണ മനോഭാവം ഏറെ പ്രശംസനീയമാണെന്ന് നിർമ്മലദേവി പറഞ്ഞു.

രജിസ്ട്രാർ ഡോ. ജീവമ്മ ജേക്കബ് (രജിസ്ട്രാർ), വജ്രജൂബിലി സംഘാടകസമിതി കോ ഓർഡിനേറ്റർ ഡോ. എസ്. അശോക്, പോസ്റ്റൽ സൂപ്രണ്ട് കെ. സുകുമാരൻ, എൻ.ഐ.ടി സി.എ.എ പ്രസിഡന്റ് പി. സതീസ് എന്നിവർ സംസാരിച്ചു. കാമ്പസിൽ തപാൽ വകുപ്പ് ഒരുക്കിയ തപാൽ മേള ഇന്ന് സമാപിക്കും. മേളയിലെ ആധാർ കൗണ്ടറിൽ ആധാർ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാൻ അവസരമുണ്ട്.